<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4159</u> <u>18-03-2025 - ൽ മറുപടിയ്ക്ക്</u>

<u>തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റിൽ കുറവ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025-26 വർഷത്തെ സംസ്ഥാന ബജറ്റിൽ വിവിധ ഗ്രാമപഞ്ചായത്തുകളുടെ ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ്, പ്രത്യേക ഉദ്ദേശ ഗ്രാന്റ്, റോഡ് നിർമ്മാണ ഗ്രാന്റ് എന്നിവയുടെ തുകയിൽ കുറവ് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ആറാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ കൈകൊണ്ട തീരുമാന പ്രകാരമാണ് 2021-22 മുതൽ 2025-26 വരെ പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ട് വകയിരുത്തിയിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷവും വികസന ഫണ്ടിലെ പൊതുവിഭാഗം അനുവദിക്കുന്ന അതേ അനുപാതത്തിലാണ് ധനകാര്യ കമ്മിഷൻ അടിസ്ഥാന ഗ്രാന്റും പ്രത്യേക ഉദ്ദേശ ഗ്രാന്റും കണക്കാക്കിയിട്ടുള്ളത്. ഓരോ ഗ്രാമപഞ്ചായത്തുകളും 2022-23 നെ അപേക്ഷിച്ച് 2023-24 ൽ പിരിച്ചെടുത്ത തുകയുടെ അടിസ്ഥാനത്തിൽ വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനമെന്ന നിലയിൽ പൊതുവിഭാഗം കണക്കാക്കുമ്പോൾ 15 % തുക അനുവദിച്ചിട്ടുണ്ട്. ഓരോ പ്രാദേശിക സർക്കാരുകളും സമാഹരിച്ചിട്ടുള്ള തനത് വരുമാനമനുസരിച്ച് പൊതു വിഭാഗത്തിൽ ഉൾപ്പെടുന്ന 15 ആം ധനകാര്യ കമ്മിഷൻ ഗ്രാന്റിനും ഏറ്റക്കുറച്ചിൽ വരുന്നതാണ് . 2025-26 റോഡ് സംരക്ഷണ ഫണ്ട് R-Track സോഫ്റ്റ്‌വെയറിലൂടെ ഓരോ പ്രാദേശിക സർക്കരുകൾക്കും അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. വിവിധതരം റോഡുകളുടെ അളവിനെ അടിസ്ഥാനമാക്കിയാണ് തുക നിശ്ചയിച്ചിട്ടുള്ളത്. ആയതിൽ ഓരോ പ്രാദേശിക സർക്കാരുകൾക്കും അർഹമായ തുകയാണ് നിലവിൽ വകയിരുത്തിയിട്ടുള്ളത്. കുറവ് വന്ന തുക 2024-25 ലേതിന് സമാനമായി വർദ്ധിപ്പിക്കുന്നത് പരിഗണനയിലില്ല . |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര, കതഴക്കര, ചുനക്കര, നൂറനാട്, പാലമേൽ, താമരക്കുളം, വള്ളികുന്നം ഗ്രാമപ്പഞ്ചായത്തുകളുടേയും മാവേലിക്കര നഗരസഭയുടെയും ഗ്രാന്റിൽ കുറവ് വന്ന തുക 2024- | (ബി) | പിരിവ് (A)യിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | 25 -ലേതിന് സമാനമായി വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ